# വിഷൻ-100

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ



## ശ്രീനാരായണ

## എൽ. പി. സ്കൂൾ

## ചോമ്പാല

സ്കൂളിന്റെ പേര് : ശ്രീനാരായണ എൽ.പി സ്കൂൾ
ചോമ്പാല

ഹെഡ്മാസ്റ്റർ : പ്രീജിത്ത് കുമാർ. കെ.പി.

പഞ്ചായത്ത് : അഴിയൂർ

ബി.ആർ.സി : വടകര

ക്ലസ്റ്റർ : അഴിയൂർ

ബ്ലോക്ക് : വടകര

ജില്ല : കോഴിക്കോട്

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് വേണ്ടി കഠിന പരിശ്രമങ്ങളാണ് കേരള സർക്കാർ നടത്തി വരുന്നത്. പൊതുവിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിയേയും ലോകനിലവാരത്തിലുള്ള വിദ്യാഭ്യാസ പ്രാപ്തിയിലേക്ക് എത്തിക്കുക, കുട്ടികളുടെ സമഗ്രവികസനം ഉറപ്പുവരുത്തുക,ആധുനികലോകത്ത് കുട്ടികൾക്ക് ലഭ്യമാകേണ്ട എല്ലാ വിദ്യാഭ്യാസ സൗകര്യങ്ങളും എല്ലാ കുട്ടികളിലും എത്തിക്കുക തുടങ്ങിയവ മുൻനിർത്തി നിരവധി പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണപദ്ധതിയെ ഭൗതീകതലം, സാമൂഹികം, അക്കാദമികതലം ഇങ്ങനെ മൂന്ന് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. സാമൂഹിക പങ്കാളിത്തത്തോടെയുള്ള ഭൗതീക വികസനത്തിന്റെ ഒന്നാംഘട്ടം പൂർത്തിയായി. കെട്ടിടങ്ങളുടെ നവീകരണം, ഹൈടെക് ക്ലാസ്മുറികൾ, ആധുനിക വിവര സാങ്കേതിക മേഖലയെ വിദ്യാലയവുമായി കണ്ണിചേർക്കൽ, കലാകായിക മേഖലകളുടെ നവീകരണത്തിൽ വിവിധ പദ്ധതികൾ ഇങ്ങനെ ഭൗതിക പശ്ചാത്തലത്തിൽ അനിതരസാധാരണമായ മാററങ്ങളാണ് ദൃശ്യമായത്. ഇതിന് ശേഷമാണ് അക്കാദമിക് മേഘലയിലും വിപ്ലവകരമായ മാററങ്ങൾക്ക് വേണ്ടി സർക്കാർ ചുവടുവെയ്ക്കുന്നത്. ആദ്യഘട്ടത്തിൽ അഞ്ച് വർഷത്തേക്കുള്ള സമഗ്രമായ അക്കാദമിക് തലത്തിലുള്ള മാററം മുന്നിൽക്കണ്ട് ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് അക്കാദമിക തലത്തിൽ നിലവിലുള്ള ന്യൂനതകൾ തിരിച്ചറിഞ്ഞ് ഇതിന്റെ പരിഹാരങ്ങൾ പൊതുലക്ഷ്യങ്ങളാക്കി മാററിയെടുത്ത് ഇത് നടപ്പിലാക്കാൻ വേണ്ടി തയ്യാറാക്കുന്ന കർമ്മ പദ്ധതിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. രക്ഷകർത്താക്കൾ എസ്. എസ്. ജി, സാമൂഹ്യ പ്രവർത്തകർ, പൊതു വിദ്യാഭ്യാസ പ്രവർത്തകർ, അക്കാദമിക മേഖലയിലെ വിദഗ്ദൻമാർ തുടങ്ങിയവരിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ചാണ് സമഗ്രമായ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# വിദ്യാലയ ചരിത്രം

അഴിയൂർ ഗ്രാമപഞ്ചയത്തിലെ XIIാം വാർഡിൽ ചോമ്പാൽ മിനി ഹാർബറിന് സമീപമാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. 1906 ൽ സ്ഥാപിതമായ ഈ സ്കൂൾ അന്നത്തെ പൗരപ്രമാണിയായ ശ്രീ പൊക്കായി ഗുരുക്കൾ ആണ് സ്ഥാപിച്ചത്. ആദ്യകാലത്ത് സ്കൂളിന്റെ പേര് ചോമ്പാൽ വെസ്റ്റ് എൽ.പി.സ്കൂൾ എന്നായിരുന്നു. ആദ്യം അഞ്ചാം തരം വരെയുണ്ടായിരുന്നു. സ്കൂളിൽ ഇപ്പോൾ 4ാം തരം മാത്രമേയുള്ളു. കടലോരത്ത് സ്ഥിതിചെയ്യുന്ന ഈ സ്കൂളിൽ പഠിക്കുന്നത് 90% വും മത്സ്യ തൊഴിലാളികളുടെ മക്കളാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് ഇവർ.

1997 ൽ ഈ സ്കൂളിൽ അന്നത്തെ മാനേജരായിരുന്ന പി.ജാനകി, ചോമ്പാൽ ശ്രീനാരായണ പഠനകേന്ദ്രത്തിന് കൈമാറി. ഇപ്പോൾ ഈ സ്കൂളിൽ 4 ക്ലാസും ഒരു പ്രീ-പ്രൈമറി ക്ലാസും ഉണ്ട്. 39 കുട്ടികൾ സ്കൂളിലും 14 കുട്ടികൾ പ്രീ-പ്രൈമറിയിലും പഠിക്കുന്നു. 5 ടീച്ചേഴ്സും ഒരു നഴ്സറി ടീച്ചറും ഉണ്ട്. സ്കൂൾ വൈദ്യുതീകരിച്ചിട്ടുണ്ട്. മൂത്രപ്പുരയുണ്ട്. കിണറും ആവശ്യത്തിന് പൈപ്പ് ലൈനുകളുമുണ്ട്. സ്കൂളിന്റെ ചുററുമുള്ള സ്ഥലം മറെറാരു സ്വകാര്യ വ്യക്തിയുടേതായതിനാൽ ഭൗതീകപരമായി കൂടുതൽ വികസനങ്ങൾ നടത്താൻ കഴിഞ്ഞില്ല. വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനധികളും നാട്ടുകാരും ചേർന്ന് സ്ഥലം വിട്ടുകിട്ടുന്നതിന് ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

# അവസ്ഥാവിശകലനം

ചോമ്പാലതീരപ്രദേശത്ത് ചോമ്പാൽ ഹാർബറിനടുത്തായിട്ടാണ് ശ്രീനാരായണ എൽ.പി.സ്കൂൾസ്ഥിതിചെയ്യുന്നത്.കൂടുതലുംമത്സ്യത്തൊഴിലാളികളുടെമക്കളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്.സ്കൂൾകെട്ടിടംസ്ഥിതിചെയ്യുന്ന സ്ഥലംമററൊരുസ്വകാര്യവ്യക്തിയുടെകൈയ്യിലായത്കൊണ്ട്സ്കൂൾകെട്ടിട നവീകരണം നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്.അതുകൊണ്ട്തന്നെ ഭൗതികസൗകര്യങ്ങളുടെകാര്യത്തിൽവലിയ പരാധീനതകളാണ് ഈ വിദ്യാലയം നേരിടുന്നത്.പരിമിതികൾക്കകത്ത് നിന്നുകൊണ്ട്ഒട്ടേറെഅക്കാദമികപ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കുന്നുണ്ട്.ഈവിദ്യാലയത്തിൽകടന്ന്വരുന്നതിന് തടസ്സം ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതയാണ്. പഠനകാര്യങ്ങൾക്ക്രക്ഷിതാക്കളുടെ പിന്തുണക്കുറവ് ഞങ്ങൾ നേരിടുന്ന പ്രധാന പ്രശ്നമാണ്. ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങൾ സമീപപ്രദേശങ്ങളിൽ വർധിച്ച്വന്നത് ഈ വിദ്യാലയത്തെ ബാധിച്ചിട്ടുണ്ട്. തീരപ്രദേശമായതുകൊണ്ട്തന്നെ സാമൂഹ്യസാംസ്കാരിക പിന്നോക്കാവസ്ഥ ഈ വിദ്യാലത്തിന് സമീപത്ത് കൂട്ടായ്മവളർത്തിയെടുക്കാനുള്ളതടസ്സമുണ്ടാക്കുന്നുണ്ട്. സ്കൂൾമാനേജ്മെന്റ്ഒരു കമ്മിററിയായത് കൊണ്ട്സ്കൂൾ പ്രവർത്തനങ്ങളുംമററുംസമയബന്ധിതമായി തീർക്കാൻ കഴിയാറില്ല.

## മികവുകൾ പ്രശ്നങ്ങൾ

എല്ലാകുട്ടികൾക്കും എഴുത്തിലും വായനയിലുമുള്ള പ്രാവീണ്യം കൈവരിക്കുന്ന കാര്യത്തിൽ പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിച്ച് നല്ല മുന്നേററം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. LSS പരിശീലനത്തചന്റ എല്ലാ അധ്യാപകർക്കും ഓരോ ദിവസവും ചുമതലകൊടുത്ത് സായാന്ന ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ലൈബ്രറി വിപുലീകരണത്തിൽ പ്രദേശത്തെ എല്ലാ വീടുകളിലും കയറിയിറങ്ങി ഫണ്ട് സ്വരൂപിച്ച് വരുന്നു. രാവിലെ ഇടവേള സമയത്ത് കുട്ടികൾക്ക് പൊടിയരിക്കഞ്ഞി വിതരണം ചെയ്ത് വരുന്നു. നോമ്പുതുറയും ഓണസദ്യയും സാമൂഹിക പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. പ്രദേശത്തെ നാല് വ്യക്തികളിൽ നിന്ന് പണം സമാഹരിച്ച് എല്ലാ ക്ലാസിലും ഫാൻ സ്ഥാപിച്ചു. സ്കൂളൽ നഴ്സറി ആരംഭിച്ചു. കലാകായിക പ്രവർത്തിപരിചയ മേളകളിലും, ക്വിസ്സ് മത്സരങ്ങളിലും മികവ് തെളിയിച്ചിട്ടുണ്ട്.

സ്കൂൾ കെട്ടിടം വിപുലീകരിക്കാൻ കഴിയാത്തതാണ് ഞങ്ങൾ നേരിടുന്ന ഏററവും പ്രധാനപ്രശ്നം. ക്ലാസ്മുറികളുടെ സൗകര്യമില്ലായ്മ, സ്കൂൾ കെട്ടിടത്തിനടുത്ത് തന്നെ ബാത്റൂം ഉള്ളത്, പുരുഷൻമാരായ രക്ഷിതാക്കളുടെ സാന്നിദ്ധ്യമില്ലായ്മ, വീടുകളിലെ പഠനപിന്തുണ കിട്ടാത്തതിന്റെ പ്രശ്നങ്ങൾ, ഇംഗ്ലീഷ് പഠനത്തിന് കൂടുതൽ സമയം കിട്ടാത്തത്, പ്രത്യേക ക്ലാസ്സുകൾക്ക് കുട്ടികളെ കിട്ടാത്ത അവസ്ഥ സാമൂഹിക പിന്തുണ വേണ്ടത്ര കിട്ടാത്തത്, ഇതെല്ലാം ഞങ്ങൾ നേരിടുന്ന പ്രധാനപ്രശ്നമാണ്.

# ശ്രീനാരായണ എൽ.പി സ്കൂൾ, ചോമ്പാല. 2025-26

## അദ്ധ്യാപകർ - നിലവിലുള്ള അവസ്ഥ.

| ക്രമ നമ്പർ | അദ്ധ്യാപകൻ/ അദ്ധ്യാപിക | സ്ഥാനപ്പേര് | മതം ജാതി | ജനന തിയ്യതി | വിദ്യാഭ്യാസ യോഗ്യത | സർവ്വീസ് തുടങ്ങിയ വർഷം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | പ്രിജിത്ത് കുമാർ.കെ.പി | ഹെഡ്മാസ്റ്റർ | ഹിന്ദു വാണിയ | 30.5.1977 | ബി.എ. ടി.ടി.സി. | 2.6.2003 | |
| 2. | സിഷ പള്ളിപ്പറമ്പത്ത് | അസി.ടീച്ചർ | ഹിന്ദു തിയ്യ | 10.8.1980 | പ്രീ-ഡിഗ്രി ടി.ടി.സി. | 5.6.2006. | |
| 3. | ബെജിഷ.ടി | അസി.ടീച്ചർ | ഹിന്ദു തിയ്യ | 25.8.1990 | പ്ലസ്ടു ടി.ടി.സി. | 2.6.2014 | നിയമം ദിവസ വേതനത്തിൽ അംഗീകരിച്ചു. |
| 4 | നിതുമോൾ വി.പി | അസി.ടീച്ചർ | ഹിന്ദു തിയ്യ | 31.5.1991 | പ്ലസ്ടു ബി.എ ടി.ടി.സി | 8.9.2021 | നിയമനം ദിവസ വേതനത്തിൻ അംഗീകരിച്ചു. |
| 5. | ഹഫ്സത്ത് വി.കെ. | അറബിക് ടീച്ചർ | ഇസ്ലാം മാപ്പിള | 30.5.1982 | ബി.എ അഫ്സൽ ഉൽ-ഉലമ (പ്രിലിമിനറി) | 5.6.2002 | |

# 2025-26 വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം.

| ക്ലാസ് | ആൺ | പെൺ | ആകെ. |
|---|---|---|---|
| I | 3 | 5 | 8 |
| II | 7 | 5 | 12 |
| III | 2 | 6 | 8 |
| IV | 4 | 3 | 7 |
| ആകെ | 16 | 19 | 35 |

# പൊതുലക്ഷ്യങ്ങൾ

1. ശിശുസൗഹൃദ വിദ്യാലയം ഉറപ്പ് വരുത്തുന്നു.
2. എല്ലാകുട്ടികൾക്കും എഴുതാനും വായിക്കാനുമുള്ള കഴിവ്.
3. ഗണിതം രസകരമാക്കുന്നതിലൂടെ ഗണിത ക്രിയകൾ എളുപ്പമാക്കുന്നു.
4. ഇംഗ്ലീഷ് ഭാഷാ പ്രയോഗത്തിലുള്ള മികവ്.
5. പി.ടി.എ ശാക്തീകരണം.
6. എല്ലാ ക്ലാസ്റും പ്രവർത്തനങ്ങളും ICT യുമായി ബന്ധപ്പെടുത്തുന്നു.
7. പഠനപ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നത്.
8. പിന്നോക്കക്കാരില്ലാത്ത ക്ലാസ്സുകൾ.
9. കുട്ടികളിൽ മൂല്യബോധം വളർത്താനുതകുന്ന പ്രവർത്തന പദ്ധതികൾ.
10. പഠനപ്രവർത്തനങ്ങളെ സാമൂഹികമായി കണ്ണി ചേർക്കൽ.
11. സ്ഥിരമായി പരസ്പര മോണിററിംഗ് സംവിധാനം.
12. കുട്ടികളിൽ മാനസിക വികസനത്തിനുതകുന്ന കളിയുപകരണങ്ങൾ ലഭ്യമാക്കുക.
13. സമ്പുഷ്ടമായ ലാബ്, ലൈബ്രറി സജ്ജീകരണം.
14. നിരന്തരമായ മൂല്യ നിർണ്ണയ സംവിധാനം.

## പ്രശ്നങ്ങൾ വിഷയാടിസ്ഥാനത്തിൽ

| പ്രശ്നം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം സ്പോൺസർ |
|---|---|---|---|---|
| **മലയാളം** | I, എല്ലാ ക്ലാസിലും പത്രം | 1 വർഷം | എച്ച്-എം & സ്റ്റാഫ് | |
| ഏഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ | II, ഒഴിവ് സമയങ്ങളിലും അവധി ദിവസങ്ങളിലും പ്രത്യേക പരിശീലനം | സ്ഥിരമായി | അധ്യാപകർ | |
| | 1. പ്രീ-ടെസ്റ്റ്<br>2. S.R.G<br>3. പി.ടി.എ<br>4. പരിശീലനമാരംഭം<br>5. ഗൃഹസന്ദർശനം<br>6. ആഴ്ചയിൽ പുരോഗതി വിലയിരുത്തൽ<br>7. രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ<br>8. പോസ്റ്റ്ടെസ്റ്റ്<br>9. പി.ടി.എയിൽ അവതരണം<br>10. ICT സാധ്യത | 7 മാസം | അധ്യാപകർ | പി.ടി.എ |
| | III, ക്ലാസ് ലൈബ്രറി<br>1. SRG<br>2. PTA<br>3. SSG യോഗം<br>4. ധനസമാഹരണം<br>5. അനുയോജ്യമായ ക്ലാസ് ലൈബ്രറി ഒരുക്കൽ | 2 മാസം | അധ്യാപകർ, SSG | പൊതുജനങ്ങൾ |
| | IV, വ്യക്തിഗതവിവര നിർമ്മാണം.<br>1. ഓരോ കുട്ടിക്കും ഓരോ നോട്ടുപുസ്തകം നൽകുന്നു<br>2. സ്വന്തംകുടുംബത്തെ കുറിച്ചുള്ള എന്തെങ്കിലും ഒരു കാര്യം ദിവസവും എഴുതണം.<br>3. മാതൃക നൽകണം<br>4. സ്ഥിരമായി നൽകണം | നാല് മാസം | അധ്യാപകർ | പി.ടി.എ |
| | V, ഇന്നത്തെ ചിന്താവിഷയം അക്ഷരങ്ങളുടെയും ചിഹ്നങ്ങളുടെയും സ്പോഞ്ച് കാർഡുകൾ തയ്യാറാക്കുന്നു. ഓരോ ദിവസത്തെയും ചിന്താ വിഷയം തയ്യാറാക്കുന്നു. ചിന്താ വിഷയം ആനുകാലിക വിഷയത്തെ അടിസ്ഥാനപ്പെടുത്തി ഓരോ ദിവസവും തയ്യാറാക്കി ചുമരിൽ പ്രദർശിപ്പിക്കുന്നു. സ്കൂളിന് മുൻവശത്തെ ചുമരിൽ എല്ലാ | 9 മാസം | അധ്യാപകർ | പി.ടി.എ അധ്യാപകർ |

| | | | |
|---|---|---|---|
| | കുട്ടികൾക്കും വായിക്കാൻ കഴിയുന്ന രീതിയിൽ പ്രദർശിപ്പിക്കുന്നു. നേരത്തെ തയ്യാറാക്കിയ അക്ഷര/ചിഹ്ന സ്പോഞ്ച് കാർഡുകൾ ക്രമം തെററിച്ച് കുട്ടികളുടെ മുന്നിൽ വെയ്ക്കുന്നു. ഓരോ ദിവസവും മുൻകൂട്ടി തെരഞ്ഞെടുത്ത 5 പേരടങ്ങുന്ന ഗ്രൂപ്പ് മററുള്ള കുട്ടികളുടെ മുന്നിൽ വെച്ച് കാർഡുകൾ ക്രമത്തിൽ വെച്ച് ചിന്താവിഷയം പുനർ നിർമ്മിക്കുന്നു. എല്ലാ കുട്ടികളും ഉച്ചത്തിൽ വായിക്കുന്നു. ഇതൊരു ദൈനംദിന പ്രക്രിയയാണ്. | | |

| പ്രശ്നം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഗണിതം**<br><br>പ്രായോഗിക പ്രശ്നങ്ങളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. | I ലളിതമായ പ്രായോഗിക പ്രശ്നങ്ങൾ ചോദ്യ രൂപത്തിലാക്കി നിത്യേന ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.ആദ്യഘട്ടത്തിൽ ഏതെങ്കിലും ഒരു ചതുഷ്ക്രിയയുമായി ബന്ധപ്പെടുത്തിയും പിന്നീട് 2,3,4 എന്നിങ്ങനെ വർധിപ്പിച്ച് പ്രായോഗിക പ്രശ്നങ്ങൾ നൽകണം.രാവിലെ ചോദ്യം നൽകണം വൈകുന്നേരത്തിനുള്ളിൽ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കണം.വൈകുന്നേരം ഉത്തരങ്ങൾ പരിശോധിച്ച് വിജയിയെ കണ്ടെത്തണം.ഉത്തരത്തിലേക്ക് എത്തിയ രീതി ചുമതലപ്പെടുത്തിയ അധ്യാപിക വിശദീകരണം.<br>( ICT സാധ്യത ഉപയോഗപ്പെടുത്താം ) | 9 മാസം | അധ്യാപകർ | അധ്യാപകർ |
| | II <u>സ്കൂളിൽ കച്ചവടം</u><br>സ്കൂളിലേക്ക് ആവശ്യമായ സാധനങ്ങൾ സമാഹരിക്കുന്നു.വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നു.ഇടവേളസമയത്ത് ചുമതലപ്പെടുത്തുന്ന കുട്ടികൾ ഷോപ്പിൽ വിൽപ്പന നടത്തുന്നു. ഓരോ ദിവസവും അവസാനം ചുമതലപ്പെടുത്തുന്ന അധ്യാപിക പരിശോധിച്ച് കൃത്യമായി നടത്തുന്നു എന്ന് കണ്ടെത്തണ്ണം | 6 മാസം | അധ്യാപകർ | അധ്യാപകർ |
| | III <u>ഗണിതപാർലമെന്റ്</u><br>ആഴ്ചയിൽ ഒരു ദിവസം കുട്ടികളെ ഒരുമിച്ച് വിളിച്ച് ചേർത്ത് കുസൃതി കണക്കുകൾ, മന:ക്കണക്കുകൾ, ഗണിതകളികൾ,ഗണിത നാടകം, തുടങ്ങിയവ പരിചയപ്പെടുത്തുകയും അതിൽ പങ്കാളികളാക്കുകയും ചെയ്യുന്നു.ഓരോ തവണയും പുതുമയുള്ളത് പരിചയപ്പെടുത്തണം. | 9 മാസം | അധ്യാപകർ<br>ഗണിതക്ലബ് | അധ്യാപകർ |
| | IV <u>പഠനോപകരണ</u><br>ശില്പ ശാല :-<br>ഗണിതം അനായാസവും ലളിതവുമാക്കുന്നതിനുള്ള പഠനോപകരണം നിർമ്മിക്കുകയാണ് ലക്ഷ്യം മുൻകൂട്ടി കത്ത്കൊടുത്ത് രക്ഷിതാക്കൾ പ്രദേശത്തെ ഗണിത വിദഗ്ദർ അധ്യാപകർ എന്നിവർ സ്കൂൾ മുററത്ത് ഒത്തുചേരുന്നു. | | | |

| | | | | |
|---|---|---|---|---|
| | ആവശ്യമുള്ള നിർമ്മാണ സാധനങ്ങൾ മുൻകൂട്ടി തയ്യാറാക്കണം. കുട്ടികൾ പൊതുവായി നേരിടുന്ന ഗണിതത്തിലെ പ്രയാസമേഖലകൾ ചുമതലപ്പെടുത്തിയ അധ്യാപകർ സദസ്സുമുമ്പാകെ വിശദീകരിക്കുന്നു.പിന്നീട് ഗ്രൂപ്പുകളായി തിരിഞ്ഞ് പ്രയാസമേഖലകൾ ഓരോഗ്രൂപ്പിനും നൽകുന്നു.ഓരോന്നിനും അനുയോജ്യമായ പ്രയാസമേഖലകൾക്കനുയോജ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു പൊതുവായി അവതരിപ്പിക്കുന്നു. | | | |

| പ്രശ്നം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ്**<br><br>ആശയ വിനിമയത്തിനുള്ള തടസ്സം | I, കുട്ടികളിൽ പരസ്പരവും അധ്യാപകരുമായും ഇംഗ്ലീഷ് ആശയ വിനിമയം പ്രോത്സാഹിപ്പിക്കൻ ഒരു പദ്ധതി SRG യിൽ തയ്യാറാക്കുന്നു. വിദ്യാലയത്തചന്റ് പതിവായി അധ്യാപകരും വിദ്യാർഥികളും ആശയ വിനിമയത്തിന് ഉപയോഗിക്കുന്ന കാര്യങ്ങൾ ലിസ്റ്റ് ചെയ്യുന്നു. അത് ഇംഗ്ലീഷ് ഡയലോഗ് രൂപത്തിലാക്കുന്നു. സ്കിററ് രൂപത്തിലാക്കി അവതരിപ്പിക്കുന്നു. അധ്യാപകരും കുട്ടികളും ഉപയോഗിച്ച് ശീലിക്കുന്നു. ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. | 1 വർഷം | അധ്യാപകർ | അധ്യാപകർ |
| | II, പാഠഭാഗവുമായി ബന്ധപ്പെട്ട് ഇംഗ്ലീഷ് നാടകം തയ്യാറാക്കുന്നു. (SRGയിൽ) ആവശ്യമായ സാമഗ്രികൾ ഒരുന്നു. ഓരോ ആഴ്ചയിലും ബാലസഭയിൽ അവതരിപ്പിക്കുന്നു. | 1 വർഷം | അധ്യാപകർ | പി.ടി.എ<br>അധ്യാപകർ |

| പ്രശ്നം | പരിഹരാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തീകം |
|---|---|---|---|---|
| | **ഇംഗ്ലീഷ് ഡയറി**<br>SRG യിൽ ഒരു ഇംഗ്ലീഷ് ഡയറി എങ്ങനെ രൂപകൽപന നടത്താമെന്ന് ചർച്ചനടത്തുന്നു. ചർച്ചയുടെ അടിസ്തനത്തിൽ ഒരു മോഡൽ ഡയറി തയ്യാറാ ക്കി. ഈ ഡയറി എഴു ത്തിൻെറ പ്രാധാന്യത്തെ കുറിച്ച് പി ടി എ യിൽ വിശദീകരിക്കു ന്നു. മോഡൽ ഡയറി രക്ഷിതാക്ക ളെ പരിചയപ്പെടുത്തുന്നു. കുട്ടി കളെ എഴുത്തിന്റെ രീതി പരിചയ പ്പെടുത്തുന്നു. ഒരാഴ്ചയോളം അധ്യാപികയുടെ വിവിധ അനു ഭവങ്ങളുമായി ബന്ധപ്പെട്ട ഡയറി കുട്ടികളുടെ മുമ്പാകെ പരിചയ പ്പെുത്തുന്നു. പിന്നീട് കുട്ടികളുടെ വിവിധ അനുഭവങ്ങൾ കുട്ടികളിൽ നിന്നു സമാഹരിക്കുന്നു. അതും ഡയറി രൂപത്തിലാക്കി പരിചയ പ്പെടുത്തുന്നു. തയ്യാറാക്കിയ വിവധ ഡയറിക്കുറിപ്പുകൾ പൊതുവായി പ്രദർപ്പിക്കുന്നു. പിന്നീട് കുട്ടികൾ സ്വന്തമായി ഡയറി തയ്യാറാക്കുന്നു. ഒരോ ആഴ്ചയിലും മികച്ച ഡയറിക്ക് സമ്മാനം നൽകുന്നു. | ഒരു വർഷം | അധ്യാപകർ | അധ്യാപകർ |

| പ്രശ്നം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തീകം |
|---|---|---|---|---|
| പരിസരപഠനം | | | | |
| ലഘുപരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തിനുള്ള അവസരക്കുറവ്. | S R G യിൽ ചർച്ച ചെയ്യുന്നു. ലഘുപരീക്ഷണ ശില്പശാല തീരമാനിക്കുന്നു. പി ടി എയിൽ പദ്ധതി വിശദീകരക്കുന്നു. നിശ്ചയിച്ച തിയ്യതിയിൽ ശാസ്ത്ര രംഗത്തെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ശില്പശാല നടത്തുന്നു. ശില്പശാലയുടെ തുടക്കത്തിൽ ഊന്നൽ നൽകേണ്ട മേഖലകൾ ബന്ധപ്പെട്ട അധ്യാപകൻ വിശദീകരിക്കുന്നു. ഇതിന്റെ അടിസ്താനത്തിൽ വിവിധ ഗ്രൂപ്പുകളായി തിരിയുന്നു. തയ്യാറാക്കിയ ലഘു പരീക്ഷണങ്ങൾ വായിച്ച വതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പും ഓരോ പരീക്ഷണം വീതം കുട്ടികളുടേയും രക്ഷിതാക്കളുടേയും മുമ്പാകെ ചെയ്തു കാണിക്കുന്നു. ലഘുപരീക്ഷണ മാഗസിൻ തയ്യാറക്കുന്നു. പ്രകാശനം ചെയ്യുന്നു. | ആറ് മാസം | അധ്യാപകർ | പി ടി എ |

| പ്രശ്നം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തീകം |
|---|---|---|---|---|
| | എല്ലാ ആഴ്ചയിലും സയൻസ് കോർണറിൽ ഓരോ ലഘുപരീക്ഷണം വീതം ചെയ്യുന്നു. പരീക്ഷണക്കുറിപ്പും തയ്യാറാക്കുന്നു. | | | |
| | **II ലാബ്‌വികസനം** | | | |
| | പഠന പ്രവർത്തനങ്ങൾക്കനുയോജ്യമായ ലാബ് ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു. ലാബ് വികസന നിധി പൊതുജനങ്ങളിൽ നിന്ന് സ്വരൂപിക്കുന്നു. ആകർഷകമായ ലാബ് സജ്ജീകരിക്കുന്നു. | രണ്ട് മാസം | അധ്യാപകർ | പൊതുജനങ്ങൾ |
| | **III ഫീൽഡ്ട്രിപ്പ്** | | | |
| | S R G യിൽ ചേർന്ന് ഓരോ പാഠഭാഗത്തിലേക്കും അനുയോജ്യമായ ഫീൽഡ്ട്രിപ്പ് നടത്തേണ്ട സ്ഥലം ലിസ്റ്റ്‌ചെയ്യുന്നു. സമയം തീരുമാനിക്കുന്നു. ചുമതല കൊടുക്കുന്നു. | എട്ട് മാസം | അധ്യാപകർ | പി ടി എ |
| | **IV പച്ചക്കറിത്തോട്ട നിർമ്മാണം** | | | |
| | സ്കൂളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കാൻ പി ടി എ യോഗം വിളിച്ച് തീരുമാനിക്കുന്നു. പ്രവർത്തന പദ്ധതി രൂപീകരിക്കുന്നു. ആദ്യഘട്ടത്തിൽ കൃഷി ഓഫസർ പ്രദേശത്തുള്ള കൃഷിക്കാർ , പി ടി എ പ്രതിനിധികൾ, അധ്യാപകർ എന്നിവർ ഒത്തു ചേർന്ന് രൂപരേഖ തയ്യാറാക്കുന്നു. പ്രവർത്തന കാലയളവ് തീരുമാനിക്കുന്നു. | ഒരു വർഷം | അധ്യാപകർ | പി ടി എ |

# അക്കാമദിക് പ്ലാൻ - അറബിക്

| ക്രമ നം മ്പർ | കാര്യക്രമം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| | ഭാഷാകളികൾ അക്ഷര മരം | അക്ഷരങ്ങൾ പരിചയ പ്പെടൽ, വായന. സ്കൂൾ മുററത്തുള്ള മരത്തിൽ നിറയെ അക്ഷരങ്ങൾ തൂക്കി യിടുക. (അറബി അക്ഷരമാല 28 അക്ഷരങ്ങൾ ) ഔട്ട് ലൈൻ വരഞ്ഞ് ആകർഷ കമാക്കിയ അക്ഷരക്കാർഡുകൾ കുട്ടികളെ ആകർഷിക്കുന്നു. ഓരോ കുട്ടിളും മരത്തിലെ അക്ഷരങ്ങൾ പിഴുതെടുത്ത് വായിക്കാൻ ഉത്സാ ഹം കാണിക്കുന്നു. | ഒരു വർഷം | കാർഡുൾ തണൽമരം | അധ്യാപകർ |
| | കണ്ണുകെട്ടി ക്കളി | കൈകൊണ്ട് സ്പർശിച്ച് വാക്കുകളെ തിരിച്ചറിഞ്ഞ് വായന :- ഓരോ കുട്ടിയും ഒന്നോ രണ്ടോ വാക്കുകൾ പയർ മണിയോ മററോ ഉപയോഗിച്ച് പേപ്പറിൽ ഒട്ടിച്ച് വയ് ക്കുന്നു. അധ്യാപകൻ ഒരു കുട്ടിയെ വിളിച്ച് കണ്ണു കെട്ടി മററ് കുട്ടികൾ കൊണ്ടു വന്ന വാക്കുകൾ തൊട്ടുമന സ്സിലാക്കി വായിക്കാൻ പറയുന്നു. ഇങ്ങനെ മുഴുവൻ കുട്ടിളെയും കളി യിൽ പങ്കാളികളാക്കുന്നു. ഏററവും കൂടുതൽ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പി ക്കുന്നു. | 6 മാസം | പയർ മണി പേപ്പർകാർഡ് | രക്ഷിതാവ് |

| ക്രമ നം നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 2 | അറബിക് മധുരം ലക്ഷ്യം:-<br><br>അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷപ്പിക്കുവാനുള്ള പത്യേക പരിപാടി | എഴുത്ത് , വായന : -<br><br>- ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക.<br>- അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കംമ്പ്യൂട്ടറിലെ പൈന്റി അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>- ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നൽകി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നൽകുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗൈമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>- പ്രത്യേകം തയ്യാറാക്കിയ മൊഡ□ളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നൽകുക. | 2 മാസം | പുസ്തകങ്ങൾ<br><br>കംമ്പ്യൂട്ടർ<br><br>ടാബ് | ബിആർസി<br><br>ഡയററ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |
| 3 | വായനാ ലോകം ലക്ഷ്യം :-<br>കുട്ടിയെ വായനയുടെ ലോകത്ത് കൊണ്ടുപോകൽ , നല്ല വായനക്കാരനാക്കുക | തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തകശേഖരം. (അറബിക് ലൈബ്രറി)<br><br><u>പുസ്തകങ്ങൾ :</u><br>. ചിത്രകഥ (അറബിക് ലൈബ്രറി)<br>. കഥാപുസ്തകം (അറബിക് )<br>. കുട്ടിക്കവിതകൾ<br>. ചെറിയ വിവരണ ബുക്കുകൾ<br>. അറബിക് കിസ് | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ് ലൈബ്രറി<br><br>പുസ്തക-ങ്ങൾ | |

| ക്രമ നം മ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 4 | നല്ല വായന നല്ല എഴുത്ത് | 1 ക്ലാസ് വായന : ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടുകൾ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>2 നോക്കിയെഴുത്ത് : ദിവസവും ഒരു ഖണ്ഡിക വീതം ഓരോ കുട്ടിയും നോട്ട് ബുക്കിൽ എഴുതിവരണം. | 1 വർഷം | ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ | സ്പോൺസർഷിപ്പിലും പണം സമാഹരിക്കൽ |
| 5 | അറബിക് ഫെസ്ററ് | അറബിക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അറബിക് സാഹിത്യ മത്സരം നടത്തുന്നു.<br>**കാര്യപരിപാടികൾ :**<br>ഉത്ഘാടനം :<br>ആദരിക്കൽ : പഞ്ചായത്ത്, സബ്ജില്ലാ മത്സരങ്ങളിൽ മികവു പുലർത്തിയ വിദ്യാർത്ഥികളെ ആദരിക്കൽ<br>വിവിധ കലാമത്സരങ്ങൾ<br>സമ്മാന വിതരണം | | | |
| 6 | ചോദ്യോത്തരപ്പെട്ടി | സ്കൂളിൽ അറബിക് ക്വിസ് ഉത്തരപ്പെട്ടി സ്ഥാപിക്കുക.<br>ദിവസം ഒരു ചോദ്യം വീതം ബോർഡിൽ പ്രദർശിപ്പിക്കുന്നു. | ഒരു വർഷം | ചോദ്യങ്ങൾ പ്രദർശിപ്പിക്കാനുള്ള ബോർഡ്<br>ഉത്തരപ്പെട്ടി | അറബിക് അധ്യാപകൻ |

| പ്രശ്നം | | കാലയളവ് | | |
|---|---|---|---|---|
| വിദ്യാലയത്തിന്റെ സമഗ്ര വികസനം | ഒരു വിദ്യാലയത്തിന്റെ വികസനത്തിന്റെ അടിസ്ഥാന മേഖലകൾ കണ്ടെത്തുന്നു.<br>1 ഉച്ചഭക്ഷണം<br>2 വെള്ളം<br>3 കൃഷി<br>4 ശുചിത്വം<br>5 ഐ സി ടി<br>6 ഇംഗ്ലീഷ് പഠനം<br>7 പഠനോപകരണങ്ങൾ<br>8 വീടുകളിൽ പി ടി എ<br>9 ലൈബ്രറി<br>10 പഠന സാഹചര്യം<br>വിപുലമായ ബഹുജന കൺവെൻഷൻ വിളിച്ചു ചേർക്കുന്നു. സ്കൂളിൻെറ സമഗ്ര വികസനവുമായി ബന്ധപ്പെട്ട 10 മേഖലകൾ വിശദീകരിക്കുന്നു. ഒരോ മേഖലയിലും വിദ്യാലയത്തിനുള്ള പരമാവധി സാധ്യതകൾ കണ്ടെത്താൻ 10 ഗ്രൂപ്പുകളായി തിരിക്കുന്നു. ഗ്രൂപ്പ് അവതരണം നടത്തുന്നു. ക്രോഡീകരിച്ച് പൊതവായി അവതരിപ്പിക്കുന്നു. 5 വർഷം മുന്നിൽ കണ്ട് പദ്ധതി തയ്യാറാക്കുന്നു. 10 പദ്ധതികൾ നടപ്പിലാക്കാൻ 10 കമ്മിററികൾ രൂപീകരിക്കുന്നു. ഓരോ കമ്മിററിയിലും ചെയർമാനും കൺവീനറും ഉണ്ടാകും. ഒരു കമ്മിററിയിൽ പരമാവധി 10 പേരെങ്കിലും വേണം. | 5 വർഷം | അധ്യാപകർ<br>പി ടി എ<br>കമ്മിററികൾ | സ്പോൺസർമാരിലൂടെ |

| പ്രശ്നം | പരിഹരാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തീകം |
|---|---|---|---|---|
| ICT സൗകര്യം ആവശ്യത്തിന് ഇല്ലാത്തത് | എം പി, എം എൽ എ, ക്ലബുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നാല് ക്ലാസിലേക്ക് നാല് കമ്പ്യൂട്ടർ പൊതുവായി ഒരു കമ്പ്യൂട്ടർ , പ്രൊജക്ടർ, ലാപ്പ് ടോപ്പുകൾ, പ്രിന്റർ തുടങ്ങിയ സംവിധാനങ്ങൾ സ്കൂളിൽ ഒരുക്കുന്നു. | 1 വർഷം | പി ടി എ അധ്യാപകർ | അഭ്യുദയകാംക്ഷികൾ |